ഏഴാം പദ്ധതിക്കാലത്ത് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാഫ് അനുപാതം

852. [1048] ശ്രീ. പി.സി. ജോർജ്*:
,, ടി. എസ്. ജോൺ :
,, എം. വി. മാണി :
,, സി. എഫ്. തോമസ് :
തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

7-ാം പഞ്ചവൽസരപദ്ധതി അവസാനിക്കുമ്പോഴേക്കും കെ.എസ്.ആർ.ടി.സി. യിൽ ബസ് സ്റ്റാഫ് റേഷ്യോ എത്രയായി ചുരുക്കാനാണ് ഉദ്ദേശം ?

ഏഴാം പഞ്ചവൽസരപദ്ധതി അവസാനിക്കുമ്പോഴേക്കും കെ.എസ്.ആർ.ടി.സി. യിൽ ബസ് സ്റ്റാഫ് റേഷ്യോ 7.5 ആയി ചുരുക്കാനാണ് ഉദ്ദേശിക്കുന്നത്.

വായ്പയും വാഹന നികുതി ഇനത്തിലും കെ.എസ്.ആർ.ടി.സി. നൽകുവാനുള്ള സംഖ്യ

853. [1049] ശ്രീ. കെ. കൃഷ്ണൻ കുട്ടി :
,, എ.കെ. ശശീന്ദ്രൻ :
,, കെ. ശങ്കരനാരായണപിള്ള :
,, പി. വിജയദാസ് :
,, സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യത്തിന ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വായ്പ തിരിച്ചടയ്ക്കുന്ന ഇനത്തിലും വാഹന നികുതിഇനത്തിലും 30-9-1986 വരെ കെ.എസ്.ആർ.ടി.സി. ഗവൺമെൻറിന് നൽകുവാനുള്ള സംഖ്യ എത ?

ഉത്തരം

വായ്പ തിരിച്ചടയ്ക്കുന്ന ഇനത്തിൽ 1880.72 ലക്ഷം രൂപയും വാഹന നികുതിയിനത്തിൽ 6,86,41,051.37 രൂപയും 30-9-1986 വരെ കെ.എസ്.ആർ.ടി.സി. ഗവൺമെൻറിനു നൽകുവാനുണ്ട്.

ഈ ഗവൺമെൻറിൻെറ കാലത്ത് ചെയ്യിച്ച ബസ് ബോഡികൾ

854. [1051] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെൻറിൻെറ കാലത്ത് പുതിയതായി 30-9-1986 വരെ എത്ര ബസ് ബോഡികൾ ചെയ്യിച്ചു ?

ഉത്തരം

ഈ ഗവൺമെൻറിൻെറ കാലത്ത് ആകെ 454 ബസ്സുകൾ ബോഡികൾ കെ. എസ്. ആർ. ടി. സി. യുടെ ബോഡി ബിൽഡിംഗ് യൂണിറ്റിൽ നിർമ്മിച്ചു. കൂടാതെ അശോക് ലെലാൻറിൻെറ 287 ബോഡി പണിത ബസ്സുകളും വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly